# ഗൗരവം നഷ്ടമായ തെരഞ്ഞെടുപ്പ്

**ബാബു മാത്യു**
**വിദ്യാഭ്യാസ പ്രവർത്തകൻ**

**1**. പലപ്പോഴും നാടിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ തെരഞ്ഞെടുപ്പുകൾ പരാജയപ്പെടുന്നു. കാരണം നാടിന്റെ ഭാവി എന്നത് ഒരു തെരഞ്ഞെടുപ്പിലും ഗൗരവമുള്ള വിഷയമായിരുന്നില്ലല്ലോ!

**2**. ജനകീയ വിഷയങ്ങൾ രാഷ്ട്രീയ പാർട്ടികൾ പണ്ടേ മറന്നു. വെട്ടിച്ച കോടികളുടെ കണക്ക് സമ്മതിദായകന്റെ കണ്ണിൽ പൊടിയിടാനായി പറയുന്നത് തെരഞ്ഞെടുപ്പ് കാലത്ത് മാത്രം സംഭവിക്കുന്ന ഒരു ജാലവിദ്യയാണല്ലോ. സ്വാഭാവികമായും പാവം ജനം അതിന്റെ പിറകേ പോകും.



**3**. തെരഞ്ഞെടുക്കപ്പെടുന്നവർ ജനപ്രതിനിധികളാണെന്നാണല്ലോ വയ്പ്പ്. അപ്പോൾ തീർച്ചയായും അവർ ജനഹിതത്തിനൊപ്പം നിൽക്കണം.

**4**. തീർച്ചയായും വിലയിരുത്തപ്പെടേണ്ടതാണ്. കഴിയുമെങ്കിൽ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും വിലയിരുത്തൽ നടക്കണം. കാരണം ജനപ്രതിനിധി ജനങ്ങളോടുള്ള കടമ നിർവ്വഹിക്കുന്നില്ലെങ്കിൽ അത് കുറ്റകരമായ അനാസ്ഥയാണ്. ജനപ്രതിനിധികളുടെ പ്രവർത്തനം വിലയിരുത്താൻ പ്രത്യേക മണ്ഡലങ്ങൾ ഉണ്ടാകണം. രണ്ട് വിലയിരുത്തൽ യോഗങ്ങളിൽ ജനപ്രതിനിധി ജനങ്ങൾ പ്രതീക്ഷിച്ച രീതിയിൽ പ്രവർത്തിച്ചില്ല എന്ന വിലയിരുത്തൽ ഉണ്ടായാൽ തീർച്ചയായും ആ പ്രതിനിധിയെ തിരിച്ചുവിളിക്കണം. മറ്റെല്ലാ മേഖലകളിലും ഇത്തരം വിലയിരുത്തലുകൾ ഉണ്ടല്ലോ.

**5**. വികലമായ വികസനകാഴ്ചപ്പാടിന്റെ ഭാഗമായാണ് ഇരകളുണ്ടാകുന്നത്. മുന്നണികൾ സ്വന്തം കീശ മാത്രം നോക്കുന്നതുകൊണ്ടുള്ള ദോഷം. പാർശ്വവത്കരിക്കപ്പെടുന്നവർ ഒരുമിക്കേണ്ട കാലം എന്നേ അതിക്രമിച്ചു. വികസനത്തിന്റെ ഇരകൾ ഒരുമിക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കാണ് കാലം വിരൽ ചൂണ്ടുന്നത്.

**6**. നാളത്തെ കേരളത്തെക്കുറിച്ച് ആരെങ്കിലും ചിന്തിക്കുന്നുണ്ടോ? ഓരോരുത്തർക്കും അവനവന്റെ ഇച്ഛാശക്തിക്കനുസരിച്ച് ജീവിക്കാൻ കഴിയണം. അതിന് വികലമായ വിദ്യാഭ്യാസ സമ്പ്രദായം മാറണം. രാഷ്ട്രീയ കാഴ്ചപ്പാടുകൾ തിരുത്തപ്പെടണം. പരിസ്ഥിതി ഒരു ജീവിത രീതി തന്നെയാകണം. ഇച്ഛാശക്തിയുള്ള ഭരണകൂടം പ്രതീക്ഷിക്കാനുള്ള അർഹത നമുക്കുണ്ടോ? ആലോചിക്കേണ്ടിയിരിക്കുന്നു. കാരണം മലയാളികളുടെ പ്രതികരണ ശേഷി എന്നേ നഷ്ടപ്പെട്ടിരിക്കുന്നു.

**7**. സമൂഹം അതിന്റെ കണ്ണും കാതും തുറന്ന് വയ്ക്കണം. സ്വന്തം ആവശ്യങ്ങൾ ഉറക്കെ പറയണം. അപ്പോൾ രാഷ്ട്രീയക്കാർ കൊട്ടിയടച്ച ചെവികൾ തുറക്കും. ഉറക്കം നടിക്കുന്ന കണ്ണുകൾ തനേ തുറക്കും.

**8**. ആരോഗ്യം, വിദ്യാഭ്യാസം, പരിസ്ഥിതി, മദ്യാസക്തി, കൃഷി, സാമൂഹിക അരാജകത്വം, മലയാളികളുടെ സ്വത്വപ്രതിസന്ധി, ഉപഭോഗതൃഷ്ണ എന്നിവ ചർച്ച ചെയ്യപ്പെടണം.